## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3921 — 31-01-2014 ലെ മറുപടിയ്ക്ക്

## മംഗല്യ സഹായ നിധി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ് :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) 2013 - 14 ബഡ്ജറ്റിൽ അവതരിപ്പിച്ച മംഗല്യ സഹായനിധി ഇപ്പോൾ നടപ്പാക്കുന്നത് ഏതു വകുപ്പു മുഖേനയാണ്; വ്യക്തമാക്കാമോ ; | എ) | സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി മംഗല്യനിധി പദ്ധതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് മംഗല്യനിധി സെസ്സായി പിരിക്കാൻ ധനകാര്യനിയമം 2013-പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പിരിച്ചെടുത്ത് സർക്കാർ ഖജനാവിൽ അടയ്ക്കേണ്ട നടപടികൾ സ്വീകരിക്കുന്ന ചുമതല വാണിജ്യ നികുതി വകുപ്പിനാണ്. എന്നാൽ മംഗല്യ നിധി പദ്ധതിയിൽനിന്നുള്ള ധനസഹായ വിതരണം സംബന്ധിച്ച വിഷയം തീരുമാനിച്ച് ഉത്തരവായിട്ടില്ല. |
| ബി) സംസ്ഥാന സർക്കാർ ഈ പദ്ധതിയിലേക്ക് എന്തു തുക സംഭാവന നൽകി; എത്രയാളുകൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചു വ്യക്തമാക്കാമോ ; <br> സി) പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ ; ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; എന്തു തുകയുടെ സഹായം ലഭിക്കുമെന്ന് അറിയിക്കാമോ ? | ബി) യും സി) യും | 31-12-2013 വരെ മംഗല്യനിധി സെസ്സായി 1.68 കോടി രൂപ ശേഖരിച്ചിട്ടുണ്ട്. ഇതിൽനിന്നുള്ള ധനസഹായം നൽകി തുടങ്ങിയിട്ടില്ല. മംഗല്യനിധി വഴി സഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.